**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3708** **06-08-2021 - ൽ മറുപടിയ്ക്ക്**

**മുണ്ടക്കടവ് പട്ടികവർഗ്ഗ കോളനി നിവാസികൾക്ക് സ്ഥലവും വീടും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | 2019 - ലെ പ്രളയത്തിൽ തകർന്ന നിലമ്പൂർ നിയോജകമണ്ഡലത്തിലെ കരുളായി ഗ്രാമപഞ്ചായത്തിലെ മുണ്ടക്കടവ് പട്ടികവർഗ്ഗ കോളനി നിവാസികൾക്ക് വനത്തിനകത്ത് പുതിയ സ്ഥലവും വീടും അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | നിലമ്പൂർ താലൂക്കിലെ കരുളായി ഗ്രാമപഞ്ചായത്തിലെ മുണ്ടക്കടവ് പട്ടികവർഗ്ഗ കോളനി നിവാസികൾക്ക് വനത്തിനകത്ത് പുതിയ സ്ഥലം അനുവദിക്കുന്നതിന് വനം വന്യജീവി വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | മുണ്ടക്കടവ് പട്ടികവർഗ്ഗ കോളനിയിലെ കുടുംബങ്ങൾ ഇപ്പോൾ കഴിയുന്നത് വനത്തിനുള്ളിലെ താൽക്കാലിക ഷെഡ്ഡുകളിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്ര കുടുംബങ്ങളിലെ എത്രയാളുകളാണ് ഇങ്ങനെ താമസിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | ഉണ്ട്. 79 കുടുംബങ്ങളിലെ 343 പേർ. |
| (സി) | പ്രളയത്തിൽ തകർന്ന പ്രസ്തുത കോളനിയിലെ കുടുംബങ്ങൾക്കായി നിലമ്പൂർ ഐ.ടി.ഡി.പി. നടത്തിയ പ്രത്യേക പദ്ധതികളെ കുറിച്ചും ചെലവഴിച്ച തുകയെക്കുറിച്ചും വിശദമാക്കാമോ? | (സി) | മേൽപറഞ്ഞ 79 കുടുംബങ്ങൾക്ക് ഭൂമിയുടെ വ്യക്തിഗത അവകാശം അനുവദിച്ച് കിട്ടിയിട്ടില്ല. അത് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ പ്രത്യേക പദ്ധതി ആവിഷ്കരിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ